ശങ്കർ ഗുഹാനിയോഗിയെക്കുറിച്ച്, നാരായൺ സന്യാലിനെക്കുറിച്ച്,
രാജ്യദ്രോഹക്കുറ്റത്തെക്കുറിച്ച്, ലോക്പാലിനെക്കുറിച്ച്...

ഡോ. ബിനായക് സെൻ / അരുൺ.ടി.വിജയൻ

# ഞാനെന്തിന് പശ്ചാത്തപിക്കണം?

**അഭിമുഖത്തിനായി** ചെന്നപ്പോൾ അദ്ദേഹം ആദ്യം പറഞ്ഞത് ഇങ്ങനെയാണ് – "നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും എനിക്ക് മറുപടി പറയാൻ സാധിക്കില്ല. കാരണം എനിക്കിനിയും വയ്യ. അത്രമാത്രം ഞാൻ സഹിച്ചു. ജാമ്യം കിട്ടിയെങ്കിലും എന്റെ കേസ് ഇപ്പോഴും കോടതിയിൽ തുടരുകയാണ്". പ്രായാധിക്യത്താലും അന്ന് രാവിലെ മുതലുള്ള വിവിധ അഭിമുഖങ്ങളാലും അദ്ദേഹം കൂടുതൽ ക്ഷീണിച്ചു കാണപ്പെട്ടു. സംസാരം വളരെ ക്ഷീണിച്ച ശബ്ദത്തിലായിരുന്നെങ്കിലും കണ്ണുകളിൽ വല്ലാത്തൊരു ഊർജ്ജം തങ്ങിനിന്നിരുന്നു. ഛത്തീസ്ഗഡിൽ മാവോയിസ്റ്റുകളെ സഹായിച്ചുവെന്ന കുറ്റത്തിന് വർഷങ്ങളോളം ജാമ്യമില്ലാതെ ജയിലിൽ കഴിയുകയായിരുന്ന ഡോ. ബിനായക് സെൻ ആയിരുന്നു ആ വ്യക്തി.

**മാവോയിസ്റ്റ് നേതാവ് നാരായൺ സന്യാലിനെ ജയിലിൽ പോയി കണ്ടതോടെയാണല്ലോ താങ്കളുടെ ജീവിതം തന്നെ മാറിമറിഞ്ഞത്. ഇപ്പോൾ ആ കാലഘട്ടത്തിൽ പശ്ചാത്താപം തോന്നുന്നുണ്ടോ?**

ഞാനെന്തിന് പശ്ചാത്തപിക്കണം? ഞാൻ നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല. നാരായൺ സന്യാലിനെ കണ്ടത് ജയിൽ അധികൃതരുടെ അറിവോടും സമ്മതത്തോടുമാണ്. റായ്പ്പൂരിലെ സെൻട്രൽ ജയിലിൽ പതിനഞ്ചോ ഇരുപതോ ദിവസം വിചാരണത്തടവുകാരനായി കഴിയാനെത്തിയ എനിക്ക് രണ്ടുവർഷത്തോളം ജയിൽ ജീവിതം അനുഭവിക്കേണ്ടി വന്നു. ജീവപര്യന്തം തടവിനാണ് വിധിവന്നത്. സുപ്രിംകോടതി ജാമ്യം അനുവദിച്ചതുകൊണ്ടു മാത്രം പുറത്തുവരാനായി. രാജ്യദ്രോഹക്കുറ്റം ആരോപിക്കാനുള്ള യാതൊരു അടിസ്ഥാനവും കാണുന്നില്ലെന്നായിരുന്നു സുപ്രിംകോടതിയുടെ കണ്ടെത്തൽ.

**ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം ഇപ്പോഴുമുണ്ടോ?**

തീർച്ചയായും. നീതിന്യായവ്യവസ്ഥ എന്റെ അവകാശങ്ങളെ ഹനിച്ചിട്ടില്ല. അല്ലായിരുന്നെങ്കിൽ ഞാനിപ്പോഴും ഏതെങ്കിലും ജയിലിൽ തന്നെയായിരുന്നേനെ. പിന്നെ ഞാൻ നേരത്തെ പറഞ്ഞത് പോലെ എന്റെ കേസ് ഇപ്പോഴും കോടതിയിലാണ്. അതിനാൽ ഞാൻ അതിനെക്കുറിച്ച് അഭിപ്രായം പറയുന്നത് ശരിയല്ല.

പക്ഷെ ഒരുകാര്യം പറയാം. രാജ്യദ്രോഹക്കുറ്റം ബ്രിട്ടീഷുകാരുടെ കണ്ടെത്തലായിരുന്നു. ഇപ്പോൾ ആ രാജ്യത്തു പോലും അതില്ല. എന്നാൽ ഇന്ത്യ ഇപ്പോഴും കിരാതമായ ആ നിയമം പിന്തുടരുന്നത് വളരെ മോശമാണ്. നാം ഇപ്പോഴും കൊളോണിയൽ കാലഘട്ടത്തിൽ തന്നെയാണ് കഴിയുന്നത്. രാജ്യദ്രോഹവുമായി ബന്ധപ്പെട്ട നിയമങ്ങൾക്കെതിരെ പി.യു.സി.എൽ ഒരു പ്രചാരണം ആരംഭിച്ചിട്ടുണ്ട്. ഓൺലൈനായി നടത്തുന്ന ഒപ്പുശേഖരണവും അക്കൂട്ടത്തിലുണ്ട്. പി.യു.സി.എൽ വെബ്സൈററിൽ പ്രവേശിച്ച് ആർക്കുവേണമെങ്കിലും പെറ്റീഷനിൽ ഒപ്പിടാം. പത്തുലക്ഷം ഒപ്പുകൾ ശേഖരിച്ച് പാർലമെന്റിൽ സമർപ്പിക്കുകയാണ് ലക്ഷ്യം.



ശങ്കർ ഗുഹാനിയോഗി

**കരാർ ജീവനക്കാരായ ഖനിത്തൊഴിലാളികൾക്കിടയിലെ പ്രവർത്തനത്തിന് ഞാനടക്കമുള്ളവർക്ക് നേതൃത്വം നൽകിയത് നിയോഗിയാണ്. അവരുടെ ജീവിത പ്രശ്നങ്ങളെ ആഴത്തിൽ മനസിലാക്കാനും അവർക്ക് വേണ്ടി പ്രവർത്തിക്കാനും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്ന കാലം പ്രചോദനമായി**



ഡോ. ബിനായക് സെൻ

### ശങ്കർ ഗുഹാനിയോഗി താങ്കൾ ഗുരുവായി കാണുന്നയാളാണല്ലോ? അദ്ദേഹത്തിനൊപ്പമുള്ള അനുഭവത്തെക്കുറിച്ച് പറയാമോ?

ഛത്തീസ്ഗഢിലെ സാധാരണ തൊഴിലാളികളെ പോലെ മണ്ണിലും ചെളിയിലും നിർമ്മിച്ച കുടിലിലാണ് നിയോഗി ജീവിച്ചിരുന്നത്. അദ്ദേഹത്തിനൊപ്പം എക്കാലവും പിന്തുണയുമായി ഭാര്യ ആശയും മക്കളായ ക്രാന്തിയും മുക്തിയും ജീതും ഉണ്ടായിരുന്നു. തൊഴിലാളികൾക്കിടയിലെ മീറ്റിംഗുകളും ക്ലാസുകളുമാണ് അദ്ദേഹത്തെ അവർക്ക് പ്രിയപ്പെട്ടവനാക്കിയത്. മീറ്റിംഗുകളിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തിരുന്നു. നല്ലൊരു പ്രാസംഗികനായിരുന്നു നിയോഗി. ശ്രോതാക്കളെ എത്രനേരം വേണമെങ്കിലും പിടിച്ചിരുത്താനുള്ള മാസ്മരിക ശക്തി അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കുണ്ടായിരുന്നു. അദ്ദേഹത്തിന് ഓരോ തൊഴിലാളികളെയും കുറിച്ച് കൃത്യമായ ധാരണയുണ്ടായിരുന്നു. അവരുടെ സ്വദേശം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. ഓരോ തൊഴിലാളികളുമായും വ്യക്തിപരമായ ബന്ധമാണ് അദ്ദേഹം സൂക്ഷിച്ചിരുന്നത്. കരാർ ജീവനക്കാരായ ഖനിത്തൊഴിലാളികൾക്കിടയിലെ പ്രവർത്തനത്തിന് ഞാനടക്കമുള്ളവർക്ക് നേതൃത്വം നൽകിയത് അദ്ദേഹമാണ്. അവരുടെ ജീവിത പ്രശ്നങ്ങളെ ആഴത്തിൽ മനസിലാക്കാനും അവർക്ക് വേണ്ടി പ്രവർത്തിക്കാനും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്ന കാലം പ്രചോദനമായി.

### നിയോഗി ഗ്രാമത്തിലെ തൊഴിലാളികൾക്കിടയിലെ മദ്യപാന ശീലത്തിനൊതിരെ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സംഘടന രൂപീകരിക്കുന്നതിന് മുമ്പു തന്നെ തൊഴിലാളികൾക്കിടയിലെ അമിത മദ്യപാനം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അവരുടെ മദ്യപാനശീലം മൂലം ദുരിതമനുഭവിക്കുന്നത് എപ്പോഴും സ്ത്രീകളായിരുന്നു. അതിനാൽ തന്നെ അദ്ദേഹം സ്ത്രീകൾക്കിടയിലാണ് ആദ്യം ബോധവൽക്കരണ ക്ലാസുകൾ നടത്തിയത്. അതേസമയം പുരുഷന്മാർക്കായി പ്രത്യേക ക്ലാസുകളും നടത്തി. ഇപ്പോഴും അവിടെ നിന്നും മദ്യപാനത്തെ പൂർണമായും ഒഴിവാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ മദ്യപാനശീലം തെറ്റാണെന്ന ഒരു ബോധം ജനങ്ങൾക്കിടയിൽ ശക്തമാണ്.

### ലോക്പാൽ ബില്ലിന് വേണ്ടി നടക്കുന്ന അണ്ണാ ഹസാരെയുടെ പോരാട്ടങ്ങളെ എങ്ങനെ വിലയിരുത്തുന്നു?

അണ്ണാ ഹസാരെ ഇന്ത്യൻ ജനതയ്ക്ക് നൽകിയ സേവനം വളരെ വലുതാണ്. അഴിമതിക്കെതിരായി പൊതുജനരോഷം പ്രകടിപ്പിക്കാനുള്ള ഏററവും നല്ല മാർഗമാണ് അദ്ദേഹം കണ്ടെത്തിയത്. എന്നാൽ അദ്ദേഹം മുന്നോട്ടു വയ്ക്കുന്ന പരിഹാരങ്ങളോട് എനിക്ക് അത്ര മതിപ്പില്ല. ഇതിനേക്കാൾ അല്ലെങ്കിൽ ഇതിനോളം തന്നെ ശ്രദ്ധ നൽകേണ്ട വേറെ എത്രയോ വിഷയങ്ങൾ രാജ്യത്തുണ്ട്. രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിലെ അഴിമതിയുടെ ഘടനാപരമായ സവിശേഷതകളെ ഒരു രീതിയിലും പരിഗണിക്കാതെയാണ് ഹസാരെ നിലപാടുകളെടുക്കുന്നത്. അഴിമതിയുടെ മൂലകാരണങ്ങളാണ് ഇവിടെ അവഗണിക്കപ്പെടുന്നത്. അത് അഴിമതിക്കെതിരായ പോരാട്ടത്തിന് ദോഷം ചെയ്യും.

### ഹസാരെയുടെ സമരത്തോടുള്ള അരുന്ധതി റോയിയുടെ വിമർശനമോ?

സമൂഹത്തിൽ ഇടപെടുന്നതിന് ഓരോരുത്തർക്കും ഓരോ രീതിയുണ്ട്. അരുന്ധതി അവരുടെ നിലപാട് വ്യക്തമാക്കിയെന്ന് മാത്രം. ഹസാരെ തുടക്കമിട്ട സമരം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിൽ ജനങ്ങൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. എന്നാൽ ലോക്പാൽ വരുന്നതുകൊണ്ട് അഴിമതി അവസാനിക്കുമെന്ന് കരുതാൻ വയ്യ.

### ലോക്പാൽ അതിന്റെ ലക്ഷ്യം കാണില്ലെന്നാണോ പറഞ്ഞു വരുന്നത്?

അഴിമതിക്കെതിരായ ലോക്പാൽ സമ്പൂർണ്ണ പരിഹാരമല്ല. ഇപ്പോൾ പുറത്തുവന്ന പൊതുജനരോഷം സുസ്ഥിരമായി മുന്നോട്ട് പോകണമെങ്കിൽ ഈ പ്രസ്ഥാനത്തിന് വ്യക്തമായ ദിശാബോധം ആവശ്യമാണ്. ലോക്പാൽ ബില്ലിന്റെ വിവിധ വശങ്ങൾ, പാർലമെന്ററി നടപടിക്രമങ്ങൾ, പ്രതിഷേധിക്കാനുള്ള ജനങ്ങളുടെ അവകാശത്തിന് മേലുള്ള സർക്കാർ നിയന്ത്രണം എന്നിങ്ങനെ പോകുന്നു ചർച്ച ചെയ്യേണ്ട വിഷയങ്ങൾ. ദാരിദ്ര്യവും അനീതിയും പോലുള്ള വിഷയങ്ങൾ കണ്ടില്ലെന്ന് നടിച്ചാൽ ഈ പോരാട്ടം അപൂർണ്ണമാണ്.